പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

<u>തീരദേശ പോലീസ്</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5745 28/03/2018-ൽ മറുപടിക്ക്

| <u>ചോദ്യം</u><br>ശ്രീ.മഞ്ഞളാംകുഴി അലി | <u>മറുപടി</u><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| --- | --- |

| | | | |
| --- | --- | --- | --- |
| (എ) | തീരദേശ പോലീസിന്റെ പ്രവർത്തനങ്ങളും അത് രൂപീകരിച്ചതിന്റെ ഉദ്ദേശ്യങ്ങളും വ്യക്തമാക്കുമോ; | (എ) | തീരദേശ പോലീസ് സ്റ്റേഷൻ രൂപീകൃതമായത് രാജ്യ സുരക്ഷയെ മുൻനിർത്തി തീരദേശം വഴിയുള്ള തീവ്രവാദ പ്രവർത്തനങ്ങളും, നുഴഞ്ഞു കയറ്റവും തടയുന്നതിനായി, കടലിൽ പട്രോളിംഗും നിരീക്ഷണവും ശക്തിപ്പെടുത്തി തീരദേശത്തെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ്. പ്രത്യേകിച്ച് തീരക്കടലിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നിയമലംഘനങ്ങൾ തടയുന്നതിനും രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സുരക്ഷയുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാവിധ നിയമങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിക്കുന്നതിനുമാണ്. തീരദേശമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾ, മറ്റ് സമുദ്ര വ്യാപാരവുമായി ബന്ധപ്പെട്ടവർ, കടലോര ജാഗ്രതാ സമിതി അംഗങ്ങൾ മുതലായ എല്ലാ വിഭാഗം ജനങ്ങളുടേയും ലോക്കൽ പോലീസ് സ്റ്റേഷനുകൾ, നേവി, കോസ്റ്റ്ഗാർഡ്, കസ്റ്റംസ്, ഫിഷറീസ്, ബി.എസ്.എഫ്. രഹസ്യാന്വേഷണ ഏജൻസികൾ തുടങ്ങി എല്ലാവരുടേയും ഏകോപനത്തിൽ രാജ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ദേശതാത്പര്യം മുൻനിർത്തി കടലിൽ രാജ്യാതിർത്തിയിലുള്ള 12 നോട്ടിക്കൽ മൈൽ ദൂരത്ത് രാജ്യത്ത് നിലവിലുള്ള |

| | | | |
|---|---|---|---|
| | | | നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതിനും മറ്റുമാണ്. |
| (ബി) | ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരവും തീരദേശ പോലീസ് സ്റ്റേഷന്റെ ജോലിഭാരവും താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ പ്രതിമാസം ശരാശരി എത്ര കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്; തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഇത് എത്രയാണ്; | (ബി) | 2016 വർഷത്തിലെ ലോക്കൽ പോലീസ് സ്റ്റേഷനുകളുടേയും തീരദേശ പോലീസ് സ്റ്റേഷനുകളുടേയും ജോലിഭാരം തമ്മിലുള്ള ഒരു താരതമ്യപഠനം 2017 വർഷത്തിൽ നടത്തിയിട്ടുള്ളതാണ്. ആയത് പ്രകാരം 2016 വർഷത്തിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ വർഷം 1480 കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ തീരദേശ പോലീസ് സ്റ്റേഷനിൽ 6 കേസുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തത്. |
| (സി) | തീരദേശ പോലീസ് സ്റ്റേഷന്റെ അധികാരപരിധി തീരപ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നിർദ്ദേശം നിലവിലുണ്ടോ; തീരദേശ പോലീസിന്റെ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | തീരദേശ പോലീസ് സ്റ്റേഷന്റെ അധികാരപരിധി തീരപ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**